**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3049** **25-10-2021 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി ബൈപ്പാസിന്റെ അപ്രോച്ച് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി ബൈപ്പാസിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള കാലതാമസം വിശദമാക്കാമോ; | (എ) | കടുത്തുരുത്തി ബൈപ്പാസിന്റെ എഗ്രിമെന്റിലുള്ള പ്രവൃത്തിക്ക് നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെയില്ല. പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി ലഭ്യമായിട്ടുണ്ട്. മണ്ണ് ഇട്ട് നികത്തി ഫോർമേഷൻ ചെയ്യേണ്ടത് പാടശേഖരത്തിനു നടുവിൽ കൂടിയാണ്. ശക്തമായ മഴ നിലനിൽക്കുന്നതിനാൽ മേൽപ്രവൃത്തിക്ക് കാലതാമസം നേരിടുന്നുണ്ട്. |
| (ബി) | കടുത്തുരുത്തി ബൈപ്പാസിന്റെ അപ്രോച്ച് റോഡുകളുടെ സ്ഥലമേറ്റെടുപ്പ് നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (ബി) | സ്ഥലമേറ്റെടുക്കുന്നതിനുള്ള റിക്വസിഷൻ ഫോം സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |
| (സി) | കടുത്തുരുത്തി ബൈപ്പാസിന്റെ അപ്രോച്ച് റോഡിനായുള്ള വലിയപള്ളി ഭാഗത്തെ സ്ഥലമേറ്റെടുപ്പിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; സ്ഥലമേറ്റെടുപ്പിനായി എത്ര കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നതെന്നും സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ? | (സി) | സ്ഥലമേറ്റെടുക്കുന്നതിനുള്ള റിക്വസിഷൻ ഫോം സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ